വിവിധ പാർട്ടിയിൽപ്പെട്ട ട്രേഡ് യൂണിയനുകളും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി അനുവദിക്കുന്ന അരിയും ഗോതമ്പുംപോലും കയറ്റുമ്പോൾ അമിതമായ കൂലി ഈടാക്കുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഇതിനുവേണ്ടി കളക്ടർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകുമോ?

ശ്രീ. പി. കെ. വേലായുധൻ : തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നല്ല അരി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(28) മല്ലപ്പള്ളി താലൂക്കിലെ കുടിവെള്ള ക്ഷാമം

ശ്രീ. ടി. എസ്. ജോൺ : സർ, മല്ലപ്പള്ളി താലൂക്കിൽ കുടിവെള്ള ക്ഷാമം വർദ്ധിച്ചിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ താലൂക്കിൽപ്പെട്ട എല്ലാ വില്ലേജുകളും പ്രോബ്ലം വില്ലേജുകളാണ്. വാട്ടർ സപ്ലൈ സ്കീം അവിടെയുണ്ടെങ്കിലും ഭാഗികമായി മാത്രമേ വെള്ളമുള്ളൂ. ഈ സ്കീം നടപ്പിലാക്കാത്ത പല വില്ലേജുകളുമുണ്ട്. ഭാഗികമായി സ്കീം നടപ്പിലാക്കിയ വില്ലേജുകളിലും പൂർണ്ണമായും നടപ്പിലാക്കാത്ത വില്ലേജുകളിലും ഈ സ്കീം നടപ്പിലാക്കി എത്രയും വേഗം ഈ താലൂക്കിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇപ്പോഴത്തെ വിവിധ ഘട്ടങ്ങളിലായി അതിന്റെ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്. ഏഴാം പദ്ധതിയിൽ കംപ്ലീറ്റ് ചെയ്യാനുള്ള സ്കീമിന്റെ അലോട്ടുമെന്റുമായിട്ടുണ്ട്. കഴിയുംവേഗത്തിൽ പൂർത്തീകരിക്കാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

(29) മയ്യനാട്-താന്നി പാലത്തിന്റെ നിർമ്മാണം

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഈ സഭയുടെ ശ്രദ്ധയിൽ പല തവണ പെടുത്തിയിട്ടുള്ള ഒരു കാര്യത്തെക്കുറിച്ച് ഞാൻ പറയുകയാണ്. മയ്യനാട് പ്രദേശത്തെ താന്നി പ്രദേശവുമായി ബന്ധിപ്പിക്കുന്ന ഒരു പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ട് ഏകദേശം ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞു. ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ട് അഞ്ചുവർഷമായി, അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിട്ട് നാലുവർഷമായി. അതുപോലെ ടെക്നിക്കൽ സാംഗ്ഷൻ കൊടുത്തുകഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത് എന്നിട്ടും ടെൻഡർ വിളിക്കുന്നില്ല, പണി നടത്തുന്നതിന് മറ്റു നടപടികളൊന്നും സ്വീകരിക്കുന്നില്ല. വളരെ അവികസിതമായ ഒരു പ്രദേശമാണ് താന്നി. കൊല്ലം പട്ടണത്തിനും മയ്യനാട് പ്രദേശത്തിനുമിടയ്ക്കു കിടക്കുന്ന ഒരു പ്രദേശമാണിത്. അവിടെ പാലമില്ലാതെ വികസനപ്രവർത്തനങ്ങളൊന്നും സാദ്ധ്യമല്ല. ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി ഫിഷറീസിന്റെ ചുമതല വഹിച്ചിരുന്ന കാലത്താണ് ഇതിന്റെ ശ്രമങ്ങൾ ആരംഭിച്ചതാണ്. പിന്നീട് അത് പി. ഡബ്ലിയു. ഡി. ഏറ്റെടുത്തു. ബഡ്ജറ്റിൽ ഇതിന് ടോക്കൺ പ്രൊവിഷൻ വർഷങ്ങളായി ഉൾപ്പെടുത്തിയിരുന്നു. സാമാന്യം ഭേദപ്പെട്ട തുകകൾ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷവും ഇരുപത്തിയഞ്ച് ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെൻഡർ വിളിക്കാനുള്ള ഏർപ്പാടുണ്ടാകണം

LIBRARY ARCHIVES Kerala Legislative Assembly

കൺസ്ട്രക്ഷൻ കോർപ്പറേഷനേയോ മറ്റാരെയെങ്കിലുമോ വിളിച്ച് നെഗോഷ്യേറ് ചെയ്തെങ്കിലും പണി നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഇനിയും ഇക്കാര്യം ഈ-സഭയിൽ ഉന്നയിക്കാനുള്ള അവസരം ഉണ്ടാകരുതെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) : സർ, മയ്യനാട്-താന്നി പാലത്തിന്റെ കാര്യം പലതവണ ഈ സഭയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതാണ്. 1981-ൽ ഇതിന് ഭരണാനുമതി നൽകി, 1983-ൽ സാങ്കേതിക അനുമതിയും നൽകി. ഇതുവരെതാമസമുണ്ടാകാനുള്ള കാരണം പാലംകെട്ടാനുള്ള സ്ഥലം കിട്ടിയില്ലെന്നുള്ളതാണ് ഇപ്പോൾ സ്ഥലം കിട്ടിക്കഴിഞ്ഞു. എല്ലാ നടപടികളും ആരംഭിച്ചിട്ടുണ്ട്. അടുത്തമാസം തന്നെ ടെൻഡർ വിളിക്കാൻ ഏർപ്പാട് ചെയ്തുകഴിഞ്ഞു.

(30) മണിയൂർ-തുറയൂർ ഭാഗത്തെ ബണ്ടുനിർമ്മാണം

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : സർ, കാലാകാലങ്ങളിൽ വെള്ളപ്പൊക്കക്കെടുതിക്ക് ഇരയാക്കുന്ന പുഴയുടെ ഇരുവശങ്ങളിലായി കിടക്കുന്ന മണിയൂരും തുറയൂരും ഒരേ സമയത്ത് രണ്ട് ഭാഗവും കെട്ടി വെള്ളപ്പൊക്കം നിയന്ത്രിക്കുകയെന്നുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തിരുന്നു. അതിൽ തുറയൂർ ഭാഗത്ത് മാത്രം കെട്ടിയിരിക്കുന്നതു കൊണ്ട് മണിയൂരിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കക്കെടുതികൾ ഇരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. ഹരിജനങ്ങൾ വളരെയധികം താമസിക്കുന്ന, നെൽവാഴ കൃഷിക്ക് ഏറ്റവും പ്രധാനപ്പെട്ട ഈ സ്ഥലത്ത് ഭീമമായ നഷ്ടങ്ങൾ എല്ലാ കൊല്ലവും വന്നുകൊണ്ടിരിക്കുന്നു. ഈ വർഷം കൂനിൻമേൽ കുരു എന്നുള്ള നിലയിൽ തുറയൂർ ഭാഗത്ത് ബണ്ട് കെട്ടി ഒന്നരയടി കൂടി ഉയർത്തിയിരിക്കുന്നു. ഇത് നോട്ടപ്പിഴകൊണ്ടോ എന്തുകൊണ്ടാണെന്നു പറയാൻ പറ്റില്ല. ഒരു ഭാഗത്തുമാത്രം ചെയ്തതുകൊണ്ട് മറേറ ഭാഗത്ത് കഷ്ടനഷ്ടങ്ങൾ വർദ്ധിക്കുകയാണ്. അവിടത്തെ ചിരണ്ടത്തൂർ ചിറയിൽ വെള്ളം മുറിച്ച് താഴേക്ക് ഒലിച്ചുപോകുന്ന ഒരു പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ രണ്ട് പ്രവർത്തനങ്ങളും നീണ്ടുപോവുകയാണ്. ഏകദേശം മുന്നൂറോളം വീടുകൾക്ക് ഈ വെള്ളപ്പൊക്കക്കെടുതികൊണ്ട് ഭാഗീകമായും പൂർണ്ണമായും നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതു മനസ്സിലാക്കാൻ സാധിക്കും. വടകര താലൂക്കിൽപ്പെട്ട ഒരു താഴ്ന്ന പ്രദേശമാണ് മണിയൂർ പഞ്ചായത്ത്. ആ ഭാഗത്ത് ബണ്ട്കെട്ടി പ്രവർത്തനം ത്വരിതഗതിയിൽ നടത്തണമെന്നും ചെരണ്ടത്തൂർ ചിറയിൽ വെള്ളം ഒലിച്ചുപോകുന്ന പദ്ധതിക്ക് വേഗത കൂട്ടണമെന്നും ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, തുറയൂർ, മണിയൂർ പഞ്ചായത്തുകളിൽ തുറയൂർ പഞ്ചായത്തിലാണ് വെള്ളപ്പൊക്കത്തിന് കൂടുതൽ സാദ്ധ്യതയുള്ളത്. അതുകൊണ്ടാണ് അവിടെ പ്രയോറിറ്റി കൊടുത്തത്. രണ്ടുംകൂടി ഒരുമിച്ച് ചെയ്യാമെന്നു പറഞ്ഞത് ശരിയല്ല; പ്രത്യേകിച്ചാണ്. ഇതിനുവേണ്ടി ബഡ്ജറ്റിൽ പണം പ്രൊവൈഡ് ചെയ്തിട്ടുണ്ട്. ഏതാണ്ട് 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുണ്ട്. പക്ഷേ നാമമാത്രമായിട്ടേ പണം കൊളളിച്ചിട്ടുള്ളു. ഈ വർഷംതന്നെ അതിന്റെ പണി ഏറെടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly